(ബി) ഒന്നാംഘട്ടമായി 30 ബസ്സ് സ്റ്റേഷനുകളിൽ, അങ്കമാലി, കോഴിക്കോട്, തിരുവനന്തപുരം സെൻട്രൽ (തമ്പാനൂർ), പേരൂർക്കട, സ്റ്റാഫ് ട്രെയിനിംഗ് സെന്റർ (ഫോർട്ട്, തിരുവനന്തപുരം), മലപ്പുറം, തിരുവല്ല, കരുനാഗപ്പള്ളി എന്നീ ബസ്സ് സ്റ്റേഷനുകളിലെ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം ബി.ഒ.റ്റി. അടിസ്ഥാനത്തിൽ, കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ (കെ.റ്റി.ഡി.എഫ്.സി.) മുഖാന്തിരം ചെയ്യുന്നതിന് ഉത്തരവായിട്ടുണ്ട്. ആയതിനാൽ അങ്കമാലി ഷോപ്പിംഗ് കോംപ്ലക്സിന്റെ പണികൾ പൂർത്തീകരിച്ച് 2011 ജനുവരി 19-ന് ഉദ്ഘാടനം ചെയ്തു. കോഴിക്കോട്, തിരുവല്ല, തിരുവനന്തപരം സെൻട്രൽ (തമ്പാനൂർ) എന്നിവിടങ്ങളിൽ പണി ആരംഭിച്ച് പുരോഗതിയിലാണ്. കെ.എസ്.ആർ.ടി.സി. നേരിട്ട് ചെയ്യുന്നവയിൽ കൊട്ടാരക്കര മേയ് 2010-ൽ ഉദ്ഘാടനം ചെയ്തു. കാസർഗോഡ് 2011 ജനുവരി 14-ൽ ഉദ്ഘാടനം ചെയ്യപ്പെട്ടു. കാട്ടാക്കടയിൽ പണി പുരോഗമിച്ചുവരുന്നു.

(സി) കെ.എസ്.ആർ.ടി.സി. നേരിട്ട് നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലക്സുകളിൽ കൊട്ടാരക്കരയുടേയും കാസർഗോഡിന്റേയും നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. കണ്ണൂർ ഷോപ്പിംഗ് കോംപ്ലക്സിന്റെ ഒന്നാം നിലയുടെ പണി പൂർത്തിയായി. കൂടാതെ ബി.ഒ.റ്റി. അടിസ്ഥാനത്തിൽ നിർമ്മിച്ച അങ്കമാലി ഉദ്ഘാടനം ചെയ്തുകഴിഞ്ഞു.

(ഡി) ഈ പ്രോജക്ടുകൾ കെ.എസ്.ആർ.ടി.സി.-യിൽ തയ്യാറാക്കുന്നതിനും അതിനുള്ള കണക്കുകൾ ശരിയാക്കുന്നതിനും പ്രോജക്ട് നടപ്പാക്കാനുദ്ദേശിക്കുന്ന ഭൂമിയുടെ മൊത്തത്തിലുള്ള സർവ്വേ, മണ്ണ് പരിശോധന, ആർക്കിടെക്ടിനെ നിശ്ചയിക്കൽ, പ്രോജക്ടിന്റെ പ്രാഥമിക രൂപകല്പന, കൂടുതൽ ചർച്ചകൾക്കുശേഷമുള്ള അന്തിമ രൂപകല്പന, വിവിധ വകുപ്പുകളിൽനിന്നുള്ള അംഗീകാരം തേടൽ, ദർഘാസ് വിളിക്കൽ തുടങ്ങി വിവിധ നടപടികൾ ഇത്തരം കാര്യങ്ങൾ നടപ്പാക്കുമ്പോൾ ചെയ്യേണ്ടതുണ്ട്. കൂടുതൽ സാങ്കേതിക വിദഗ്ദ്ധരെ നിയമിച്ച് പ്രവർത്തികൾ ത്വരിതപ്പെടുത്താനുള്ള തീരുമാനം പരിഗണനയിലാണ്.

(ഇ) ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ എല്ലാ സ്ഥലത്തും പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. പൂർത്തീകരണം തീരുന്ന മുറയ്ക്ക് രണ്ടാംഘട്ട പ്രവർത്തനങ്ങൾ തുടങ്ങി എത്രയും വേഗം പൂർത്തീകരിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി. ആധുനികവൽക്കരണത്തിന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന പുതിയ സംവിധാനങ്ങൾ

149 (599) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ടി. എൻ പ്രതാപൻ :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കെ.എസ്.ആർ.ടി.സി. ആധുനികവൽകരിക്കുന്നതിന്റെ ഭാഗമായി എന്തൊക്കെ പുതിയ സംവിധാനങ്ങളാണ് നടപ്പിലാക്കി വരുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ബി) കെ.എസ്.ആർ.ടി.സി. ടിക്കറ്റിതരവരുമാനം വർദ്ധിപ്പിക്കുന്നതിനും പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും എന്തൊക്കെ പുതിയ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത് ;

(സി) കെ. എസ്. ആർ. ടി. സി. യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ബസ്സുകളിൽ പരസ്യ പ്രദർശനം നടത്തുന്നത് സംബന്ധിച്ച് എന്തൊക്കെ നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത് ;

(ഡി) ഇതിലൂടെ പ്രതിവർഷം എന്തുവരുമാനം നേടാമെന്നാണ് കണക്കാക്കിയിരിക്കുന്നത് ?

ഉത്തരം

(എ) പ്രധാനപ്പെട്ട നഗരങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ഠൗൺ ടു ഠൗൺ സർവ്വീസുകൾ/ചെയിൻ സർവ്വീസുകൾ ആരംഭിക്കുക, പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ ബി.ഒ.റ്റി. വ്യവസ്ഥയിൽ വ്യാപാരസമുച്ചയങ്ങൾ നിർമ്മിക്കുക, ഓൺലൈൻ ടിക്കറ്റ് റിസർവേഷൻ നടപ്പിലാക്കി കൂടുതൽ യാത്രക്കാരെ ആകർഷിക്കുക, എല്ലാ ഓഫീസുകളും കമ്പ്യൂട്ടർ നെറ്റ് വർക്കിന്റെ പരിധിയിൽ കൊണ്ടുവരിക തുടങ്ങിയ പരിപാടികൾ ആരംഭിച്ചുകഴിഞ്ഞു.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വാണിജ്യ പ്രാധാന്യമുള്ള ബസ് സ്റ്റേഷനുകളിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചുവരുന്നു. ഒന്നാംഘട്ടമായി 30 ബസ്സ് സ്റ്റേഷനുകളിലും രണ്ടാംഘട്ടമായി 29 ബസ് സ്റ്റേഷനുകളിലും ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ച് പ്രവർത്തിപ്പിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. കെ.എസ്.ആർ.ടി.സി. നേരിട്ട് ചെയ്യുന്നവയിൽ കൊട്ടാരക്കര മേയ് 2010-ൽ ഉദ്ഘാടനം ചെയ്തു. കാസർഗോഡ് 2011 ജനുവരി 14-ൽ ഉദ്ഘാടനം ചെയ്യപ്പെട്ടു. കാട്ടാക്കടയിൽ പണി പുരോഗമിച്ചുവരുന്നു.

(സി) (i) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ പരസ്യ പ്രദർശനത്തിനുള്ള കരാർ നൽകി വരുമാനം വർദ്ധിപ്പിക്കുന്ന പദ്ധതി ഇപ്പോൾതന്നെ നിലവിലുണ്ട്. ലേലം/ടെണ്ടർ നടപടിയിലൂടെയാണ് കരാറുകാരെ തെരഞ്ഞെടുക്കുന്നത്.

(ii) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം നടപ്പിലാക്കി വരുമാനം വർദ്ധിപ്പിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ട്. ഇതിനുവേണ്ടി കരാറുകാരെ തെരഞ്ഞെടുക്കുന്നതിനായി മുന്ന് പ്രാവശ്യം ലേലം/ടെണ്ടർ നടപടി സ്വീകരിച്ചുവെങ്കിലും വിജയം കണ്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ലേലം/ടെണ്ടർ നടപടിയിൽ ഏറ്റവും ഉയർന്ന തുക വാഗ്ദാനം ചെയ്യുന്ന വ്യക്തിക്കോ സ്ഥാപനത്തിനോ ആണ് ബസ്സുകളിൽ പരസ്യം നൽകുന്നതിനുള്ള കരാർ നൽകിവരുന്നത്. മുൻകാലങ്ങളിൽ ലഭിച്ച കരാർ തുകയെ അടിസ്ഥാനമാക്കിയാണ് സാധാരണയായി ലേലം/ടെണ്ടർ നടപടി സ്വീകരിക്കുന്നത്. 2006-08 കാലഘട്ടത്തിൽ ഈയിനത്തിലെ കരാർ തുക 2,26,00,000 രൂപയും (രണ്ട് കോടി ഇരുപത്തിയാറ് ലക്ഷം രൂപയും) 2008-10 കാലഘട്ടത്തിൽ 4,54,00,000 രൂപയും (നാല് കോടി അൻപത്തിനാല് ലക്ഷം രൂപയും) ആയിരുന്നു. എന്നാൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം നടപ്പിലാക്കുന്നതുവഴി ആദ്യ സംരംഭമെന്നനിലയിൽ എന്ത് വരുമാനം ലഭിക്കുമെന്ന് കണക്കാക്കിയിട്ടില്ല.

കെ.എസ്.ആർ.ടി.സി.-യുടെ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനും ചെലവ് ചുരുക്കുന്നതിനും നടപടി

150 (600) ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. രാജു എബ്രഹാം :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. യുടെ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനും ചെലവ് ചുരുക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോർപ്പറേഷനിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്തിയെന്ന് വ്യക്തമാക്കുമോ ;

(സി) പുതുതായി എത്ര ഷെഡ്യൂളുകൾ ആരംഭിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ബസ്സുകളുടെ ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇപ്പോൾ ഇന്ധനക്ഷമത എത്രയാണ് ;

(ഇ) യാത്രക്കാരുടെ പരാതികൾ പരിഹരിക്കുന്നതിനായി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

ഉത്തരം

(എ) കി.മീറ്റർ ഓപ്പറേഷൻ വർദ്ധിപ്പിച്ച് സർവ്വീസ് നടത്തിപ്പ് കാര്യക്ഷമമാക്കുകവഴി പ്രതിദിന വരുമാനം വർദ്ധിപ്പിക്കുന്നതിന് ശ്രമിച്ചുവരുന്നു. ബസ്സ് വാങ്ങൽ, ബോഡി നിർമ്മാണം, ഇന്ധനച്ചെലവ്, ടയർ, സ്പെയർ പാർട്ട് എന്നീ ഇനങ്ങളിലുണ്ടാകുന്ന ചെലവ് പരിമാവധി കുറയ്ക്കുന്നതിന് ശ്രമിച്ച് വരുന്നു. കൂടാതെ പ്രവർത്തനേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ബസ് സ്റ്റേഷനുകളോടനുബന്ധിച്ച് വ്യാപാര സുച്ചയങ്ങൾ നിർമ്മിച്ചുവരുന്നു. പരസ്യത്തിൽനിന്നുള്ള വരുമാനം പരമാവധി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly